## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

### തൊഴിലുറപ്പുപദ്ധതി വിപുലപ്പെടുത്തുവാൻ നടപടി

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5854

07.07.2014 ൽ മറുപടിക്ക്

ചോദ്യം. ഉത്തരം

| ശ്രീ.കെ.വി.വിജയദാസ് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | തൊഴിലുറപ്പുപദ്ധതി വിപുലപ്പെടുത്തുവാൻ ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | 2005 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിപുലപ്പെടുത്തുന്നതു സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് കേന്ദ്രസർക്കാരാണ്. |
| (ബി) | പുതിയതായി ഏതെല്ലാം മേഖലകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | 2005 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ വകുപ്പ് 29 ഉപവകുപ്പ് (1) പ്രകാരം, തൊഴിലുറപ്പ് പദ്ധതിയിൽ പുതിയ മേഖലകൾ ഉൾപ്പെടുത്തുന്നതിനുള്ള അധികാരം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാണ്. |
| (സി) | ക്ഷീര കർഷകരെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ? | (സി) | തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ക്ഷീകർഷകരെക്കൂടി ഉൾപ്പെടുത്തുന്നതിനുള്ള നിവേദനം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ, തൊഴിലുറപ്പ് നിയമത്തിലെ പുതുക്കിയ പട്ടിക 1 പ്രകാരം, ക്ഷീരകർഷകർക്ക് സഹായകരമായ, കാലിത്തൊഴുത്ത്, പുൽത്തൊട്ടി എന്നീ പ്രവൃത്തികൾ ഏറ്റെടുക്കാൻ സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ